**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകാരി ആശ്വാസ നിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകാരി ആശ്വാസ നിധി പദ്ധതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എ) | സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്)/ ജില്ല/സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് 'സഹകരണ നവരത്നം കേരളീയം അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട്' പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.<br><br>ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ സഹകരണ മേഖലയിലെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം.<br><br>മേൽ പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം ഇരുപത്തിയാറ് പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ